**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3791** **15-07-2022 - ൽ മറുപടിയ്ക്ക്**

**യു.എ.ഇ കോൺസുലേറ്റ് ജനറലിന്റെ ക്ലിഫ് ഹൗസിലെ കൂടിക്കാഴ്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിദേശകാര്യ മന്ത്രാലയത്തിന്റെ അനുമതിയില്ലാതെ 2016 -20 കാലഘട്ടത്തിൽ യു.എ.ഇ. കോൺസുലേറ്റ് ജനറൽ മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിൽ കൂടിക്കാഴ്ച നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | കൂടിക്കാഴ്ചയ്ക്ക് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അനുമതി ആവശ്യമില്ല. |
| (ബി) | ഉണ്ടെങ്കിൽ കൂടിക്കാഴ്ചയ്ക്ക് ആധാരമായ വിഷയം എന്തായിരുന്നു; | (ബി) | കൂടിക്കാഴ്ചയ്ക്ക് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അനുമതി ആവശ്യമില്ല. |
| (സി) | ഡിലിറ്റ് ബിരുദം സ്വീകരിക്കാനെത്തിയ ഷാർജ ഭരണാധികാരിയെ റൂട്ട് മാറ്റി ക്ലിഫ്ഹൗസിൽ എത്തിച്ചു എന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ; | (സി) | സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി മുൻകൂട്ടി നിശ്ചയിച്ച റൂട്ടിലൂടെയാണ് യാത്ര നടത്തിയത്. |
| (ഡി) | ഡിലിറ്റ് ബിരുദം സ്വീകരിക്കാനെത്തിയ ഷാർജ ഭരണാധികാരിയുടെ റൂട്ട് മാപ്പിന്റെയും അനുബന്ധ രേഖകളുടെയും പകർപ്പ് ലഭ്യമാക്കുമോ; | (ഡി) | സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി മുൻകൂട്ടി നിശ്ചയിച്ച റൂട്ടിലൂടെയാണ് യാത്ര നടത്തിയത്. |
| (ഇ) | ഷാർജ ഭരണാധികാരിയുടെ പ്രസ്തുത യാത്രയുടെ ചുമതല ഏത് പോലീസ് ഉദ്യോഗസ്ഥനായിരുന്നു എന്ന് വ്യക്തമാക്കുമോ; | (ഇ) | തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്കായിരുന്നു സുരക്ഷാ ക്രമീകരണങ്ങളുടെ ചുമതല ഉണ്ടായിരുന്നത്. |
| (എഫ്) | ഷാർജ ഭരണാധികാരിയുടെ യാത്രയുടെ റൂട്ട് മാറ്റുന്നതിന് പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി നേതൃത്വം നൽകി എന്ന സ്വർണ്ണക്കടത്ത് കേസിലെ പ്രതിയുടെ ആരോപണം ശരിയാണോ; അല്ലെങ്കിൽ സർക്കാർ അവർക്കെതിരെ കേസെടുക്കുമോ എന്ന് വ്യക്തമാക്കുമോ? | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ